REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 12-07-2024 സമയം 12.30 PM

## പ്രധാന വാർത്തകൾ

- വിഴിഞ്ഞത്തെ ആദ്യ മദർഷിപ്പിന്റെ സ്വീകരണവും ട്രയൽ റണ്ണും മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്തു. രാജ്യത്തെ കണ്ടയ്നർ ബിസിനസിന്റെ കേന്ദ്രമായി വിഴിഞ്ഞം മാറുമെന്നും, തുറമുഖത്തിലൂടെ സംസ്ഥാനത്തിന്റെ നികുതി വരുമാനം വർധിക്കുമെന്നും മുഖ്യമന്ത്രി.
- നേപ്പാളിലെ ദേശീയപാതയിൽ ഉരുൾപൊട്ടൽ. രണ്ടു ബസുകളിലായി ഏഴ് ഇന്ത്യക്കാർ ഉൾപ്പെടെ 65 യാത്രക്കാരെ കാണാതായി.
- മദ്യനയ അഴിമതിയുമായി ബന്ധപ്പെട്ട കേസിൽ, ഡൽഹിമുഖ്യമന്ത്രി അരവിന്ദ് കെജ്രിവാളിന് സുപ്രീം കോടതി ഇടക്കാല ജാമ്യം അനുവദിച്ചു.
- സംസ്ഥാനത്ത് അടുത്ത ചൊവ്വാഴ്ച്ച വരെ വ്യാപക മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്.കോഴിക്കോട്, കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രത.

## വാർത്തകൾ വിശദമായി

വിഴിഞ്ഞത്തെ ആദ്യ മദർഷിപ്പിന്റെ സ്വീകരണവും ട്രയൽ റണ്ണും മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്തു. രാജ്യത്തിനു തന്നെ അഭിമാനകരമായ മുഹൂർത്തമാണിതെന്ന് മുഖ്യമന്ത്രി പറഞ്ഞു. രാജ്യത്തെ കണ്ടയ്നർ ബിസിനസിന്റെ കേന്ദ്രമായി വിഴിഞ്ഞം മാറുമെന്നും, വിഴിഞ്ഞം

തുറമുഖത്തിലൂടെ സംസ്ഥാനത്തിന്റെ നികുതി വരുമാനം വർധിക്കുമെന്നും മുഖ്യമന്ത്രി പറഞ്ഞു. കേരളത്തിന്റെ ദീർഘകാലത്തെ സ്വപ്നം യഥാർത്ഥ്യമായിരിക്കുന്നുവെന്നും, മദർ പോർട്ട് എന്ന നിലയിൽ വിഴിഞ്ഞം മാറുമെന്നും മുഖ്യമന്ത്രി അറിയിച്ചു. തുറമുഖങ്ങൾ സാമ്പത്തിക വളർച്ചയുടെ ഏറ്റവും വലിയ ചാലകശക്തിയാണ്. വിഴിഞ്ഞം തുറമുഖം യാഥാർത്ഥ്യമായതോടെ, കേരളത്തിന്റെ വികസന അധ്യായത്തിൽ പുതിയ ഏട് ആരംഭിച്ചുവെന്നും മുഖ്യമന്ത്രി അഭിപ്രായപ്പെട്ടു. 2028 ഓടെ സമ്പൂർണ തുറമുഖമായി വിഴിഞ്ഞം മാറുമെന്നും മുഖ്യമന്ത്രി അറിയിച്ചു.

കേന്ദ്ര ഷിപ്പിംഗ് മന്ത്രി സർബാനന്ദ സോനോവാൾ മുഖ്യാതിഥിയായി പങ്കെടുത്തു. വിഴിഞ്ഞം പദ്ധതി യഥാർത്ഥ്യമാക്കിയതിൽ കേരള ഗവണ്മെന്റിനെ അദ്ദേഹം അഭിനന്ദിച്ചു .

രാജ്യത്തെ തുറമുഖങ്ങളുടെ സുസ്ഥിരമായ വികസനമാണ് പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ കാഴ്ചപ്പാടെന്നും അദ്ദേഹം പറഞ്ഞു. ലോകത്തെ ഏറ്റവും വലിയ മൂന്നാമത്തെ സാമ്പത്തിക ശക്തിയാക്കി രാജ്യത്തെ മാറ്റുകയാണ് കേന്ദ്ര ഗവൺമെന്റിന്റെ ലക്ഷ്യം.

അതിന് ആക്കം കൂട്ടുന്നതാണ് വിഴിഞ്ഞം പോലെ തുറമുഖങ്ങളുടെ നിർമ്മാണമെന്നും സർബാനന്ദ സോനോവാൾ അഭിപ്രായപ്പെട്ടു.

മന്ത്രി V.N വാസവൻ  അധ്യക്ഷനായിരുന്നു. മന്ത്രിമാരായ G.R.അനിൽ, വി.ശിവൻകുട്ടി, കെ.രാജൻ, K.N. ബാലഗോപാൽ,തുടങ്ങിയവർ സംബന്ധിച്ചു.

✪✪✪

നേപ്പാളിൽ, കനത്ത മഴയ്ക്കിടെയുണ്ടായ ഉരുൾപൊട്ടലിൽ മണ്ണിടിഞ്ഞ് മദൻ-ആശ്രിത് ഹൈവേയിൽ രണ്ട് ബസുകൾ ത്രിശൂലി നദിയിലേക്ക് ഒഴുകിപ്പോയി. ഏഴ് ഇന്ത്യക്കാർ ഉൾപ്പെടെ 65 പേരാണ് ബസിലുണ്ടായിരുന്നത്. പുലർച്ചെ മൂന്നരയോടെയായിരുന്നു ദുരന്തം .

കാഠ്മണ്ഡുവിൽ നിന്ന് ഗൗറിലേക്ക് പോവുകയായിരുന്ന ബസിൽ 41 പേരും, ബിർഗഞ്ചിൽ നിന്ന് കാഠ്മണ്ഡുവിലേക്ക് പോവുകയായിരുന്ന ബസിൽ 24 പേരും ഉണ്ടായിരുന്നുവെന്ന് നേപ്പാൾ പോലീസ് അറിയിച്ചു.

മണ്ണിടിച്ചിലിൽ രക്ഷാപ്രവർത്തകർക്കൊപ്പം നേപ്പാൾ സായുധ പോലീസ് സേനയും രക്ഷാപ്രവർത്തനം നടത്തിവരുന്നു.

✪✪✪

മദ്യനയ അഴിമതിയുമായി ബന്ധപ്പെട്ട കള്ളപ്പണം വെളുപ്പിക്കൽ കേസിൽ, ഡൽഹി മുഖ്യമന്ത്രി അരവിന്ദ് കെജ്രിവാളിന് സുപ്രീം കോടതി ഇടക്കാല ജാമ്യം അനുവദിച്ചു. അറസ്റ്റിനെ ചോദ്യം ചെയ്ത്, കെജ്രിവാൾ സമർപ്പിച്ച ഹർജി ജസ്റ്റിസുമാരായ സഞ്ജീവ് ഖന്നയും, ദീപാങ്കർ ദത്തയും അടങ്ങുന്ന ബെഞ്ച്, വിശാല ബെഞ്ചിന് വിട്ടു.

കേസിൽ മാർച്ച് 21നാണ് ഡൽഹി മുഖ്യമന്ത്രിയെ ഇഡി അറസ്റ്റ് ചെയ്തത്. ലോക്സഭാ തിരഞ്ഞെടുപ്പ് പ്രചാരണത്തിനായി മെയ് 10ന്, സുപ്രീം കോടതി അദ്ദേഹത്തിന് ജാമ്യം അനുവദിച്ചിരുന്നു. ജാമ്യ കാലാവധി പൂർത്തിയാക്കി `ജൂൺ 2 ന് അദ്ദേഹം ജയിലിലേക്ക് മടങ്ങി.

അതേ സമയം, മദ്യനയവുമായി ബന്ധപ്പെട്ട് അഴിമതി നിരോധന നിയമപ്രകാരം സിബിഐ അറസ്റ്റ് ചെയ്തതിനാൽ കെജ്രിവാൾ ജയിലിൽ തന്നെ തുടരും.

✪✪✪

നീറ്റ് ചോദ്യപേപ്പർ ചോർച്ച കേസുമായി ബന്ധപ്പെട്ട് കഴിഞ്ഞ മാസം 28 ന് ഹസാരിബാഗിൽ നിന്ന് അറസ്റ്റ് ചെയ്ത്, CBI റിമാൻഡിൽ കഴിഞ്ഞിരുന്ന നാലുപേരെ, കോടതി പട്നബേർ ജയിലിലേക്ക് അയച്ചു. പട്നയിലെ ലെംനിചക് പ്ലേ സ്കൂളിൽ നിന്ന് പിടിച്ചെടുത്ത ഭാഗികമായി കത്തിയ ചോദ്യപേപ്പറും, നാഷണൽ ടെസ്റ്റിംഗ് ഏജൻസിയിൽ നിന്ന് ലഭിച്ച ചോദ്യപേപ്പറുമായി പൊരുത്തപ്പെടുന്നതായും ആ ചോദ്യപേപ്പറിന്റെ സീരീസ് പരീക്ഷാ കേന്ദ്രത്തിലേക്ക് അയച്ചതായും അന്വേഷണത്തിൽ കണ്ടെത്തി.

✪✪✪

ക്വാണ്ടം അടിസ്ഥാനമാക്കി ഡാറ്റ ശേഖരണത്തിൽ ഇന്ത്യൻ ശാസ്ത്രജ്ഞർ മുന്നേറ്റം നടത്തി. ശക്തമായ ഡാറ്റ ശേഖരണത്തിനും, സൈബർ സുരക്ഷ നൽകുന്നതിനും നിർണായകമായ റാൻഡം നമ്പറുകൾ സൃഷ്ടിക്കുന്നതിന് ഇന്ത്യൻ ശാസ്ത്രജ്ഞരുടെ ഒരു സംഘം ഉപഭോക്തൃ സൗഹൃദ

മാർഗം സൃഷ്ടിച്ചതായി ശാസ്ത്ര സാങ്കേതിക മന്ത്രാലയം അറിയിച്ചു. ബംഗളൂരുവിലെ രാമൻ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് ഗണിത ശാസ്ത്ര അസമത്വങ്ങളുടെ ലംഘനം തെളിയിക്കാൻ ഫോട്ടോണിക് പരീക്ഷണം നടത്തി. ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസ് ബെംഗളൂരു, IISER-തിരുവനന്തപുരം, കൊൽക്കത്തയിലെ ബോസ് ഇൻസ്റ്റിറ്റ്യൂട്ട് എന്നിവിടങ്ങളിലെ ഗവേഷകരുമായി സഹകരിച്ച് സംഘം വിപുലമായ ഗവേഷണം നടത്തി. ക്രിപ്റ്റോഗ്രാഫിക് കീ ജനറേഷൻ, സുരക്ഷിത പാസ്‌വേഡ് സൃഷ്ടിക്കൽ, ഡിജിറ്റൽ സിഗ്നേച്ചറുകൾ തുടങ്ങിയ ആപ്ലിക്കേഷനുകളിൽ ഈ നമ്പറുകൾ നിർണായകമാണ്.

✪✪✪

ചാന്ദ്രയാൻ ദൗത്യം വിജയിക്കാൻ കാരണമായത് ഇന്ത്യയുടെ അക്ഷീണമായ ശ്രമങ്ങളും ധീരമായ ചിന്താഗതിയുമാണെന്ന് നാസയുടെ മുൻ ബഹിരാകാശ സഞ്ചാരിയും സാങ്കേതിക വിദഗ്ധനുമായ സ്റ്റീവൻ ലീ സ്മിത്ത് പറഞ്ഞു. കൊച്ചിയിൽ അന്താരാഷ്ട്ര ജെൻ എ.ഐ ഉച്ചകോടിയിൽ 'ബഹിരാകാശ സഞ്ചാരിയായുള്ള അനുഭവപാഠങ്ങൾ' എന്ന വിഷയത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം.

✪✪✪

വാൽമീകി വികസന കോർപ്പറേഷൻ അഴിമതിക്കേസിൽ കർണാടക മുൻ മന്ത്രി ബി. നാഗേന്ദ്രനെ എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റ് കസ്റ്റഡിയിലെടുത്തു.

വാൽമീകി വികസന കോർപ്പറേഷനിലെ ഫണ്ട് തിരിമറിയുമായി ബന്ധപ്പെട്ട് ബി.നാഗേന്ദ്ര, ബസനഗൗഡ ദദ്ദൽ MLA എന്നിവരുമായി ബന്ധപ്പെട്ട സ്ഥലങ്ങളിൽ ബുധനാഴ്ച ഇഡി റെയ്ഡ് നടത്തിയതിന് പിന്നാലെയാണ് നടപടി.

എല്ലാ ആരോപണങ്ങളും തള്ളിക്കളഞ്ഞ മുൻ കർണാടക മന്ത്രി, വസ്തുതകൾ അന്വേഷണത്തിന് ശേഷം പുറത്തുവരുമെന്ന് പറഞ്ഞു.

✪✪✪

അരൂർ- തുറവൂർ ഉയരപ്പാത ആലപ്പുഴ ജില്ലാ കലക്ടർ സന്ദർശിക്കണമെന്ന് ഹൈക്കോടതി ഉത്തരവിട്ടു. വിഷയത്തിൽ കലക്ടർ മൂകസാക്ഷിയായി ഇരിക്കരുതെന്നും ഹൈക്കോടതി ആവശ്യപ്പെട്ടു. അരൂർ-തുറവൂർ ഉയരപ്പാതയുടെ ഇപ്പോഴത്തെ സാഹചര്യം എന്താണെന്ന് കോടതി ചോദിച്ചു. ജനങ്ങൾക്ക് വേണ്ടിയാണ് റോഡു നിർമ്മാണമെന്ന് ദേശീയപാത അതോറിട്ടി വ്യക്തമാക്കി. സർവീസ്റോഡു നിർമ്മിക്കുമെന്ന ഉറപ്പ് ദേശീയപാത അധികൃതർ പാലിച്ചില്ലെന്ന് അമിക്കസ് ക്യൂറി പറഞ്ഞു.

ദേശീയപാത അതോറിട്ടിക്കും കരാറുകാർക്കും ഉത്തരവാദിത്തമുണ്ടെന്ന് അമിക്കസ് ക്യൂറി വ്യക്തമാക്കി. പ്രശ്നപരിഹാരത്തിനായി യോഗം ചേരാൻ കലക്ടറോട് കോടതി നിർദേശിച്ചിട്ടുണ്ട്.

✪✪✪

വനം വകുപ്പിലെ കുടിശ്ശിക തുകകൾ നൽകി തുടങ്ങിയതായി മന്ത്രി A.K.ശശീന്ദ്രൻ അറിയിച്ചു. വിവിധ

ഡിവിഷനുകളിൽ ദിവസ വേതന അടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന ഫോറസ്റ്റ് വാച്ചർമാർക്കും മറ്റ് ജീവനക്കാർക്കും വേതന കുടിശ്ശിക ഉടൻ കൊടുത്തു തീർക്കുമെന്നും മന്ത്രി അറിയിച്ചു.

മനുഷ്യ- വന്യജീവി സംഘർഷം മൂലം ജീവനും സ്വത്തിനും നാശനഷ്ടം സംഭവിച്ച ആളുകൾക്കും അവകാശികൾക്കും നഷ്ടപരിഹാരം നൽകുന്നതിന് തുകയും അനുവദിച്ചതായി മന്ത്രി തിരുവനന്തപുരത്ത് പറഞ്ഞു.

✪✪✪

സംസ്ഥാനത്ത് അടുത്ത ചൊവ്വാഴ്ച്ച വരെ വ്യാപക മഴയ്ക്ക് സാധ്യതയുണ്ടെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ് അറിയിച്ചു. വടക്കൻ ജില്ലകളിൽ മഴ ശക്തമാകുമെന്നാണ് മുന്നറിയിപ്പ്. കനത്ത മഴയ്ക്ക് സാധ്യത കണക്കിലെടുത്ത് ഇന്ന് കോഴിക്കോട്, കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ മഞ്ഞ ജാഗ്രത പ്രഖ്യാപിച്ചു.

കേരള-കർണാടക-ലക്ഷദ്വീപ് തീരങ്ങളിൽ മണിക്കൂറിൽ 55 കിലോമീറ്റർ വരെ വേഗത്തിൽ കാറ്റിന് സാധ്യതയുണ്ടെന്നും മീൻപിടുത്തക്കാർ കടലിൽ പോകരുതെന്നും മുന്നറിയിപ്പുണ്ട്.

✪✪✪

തേക്കടിയിലെത്തുന്ന വിനോദ സഞ്ചാരികൾക്ക് പ്രവേശന കവാടത്തിൽ നിന്ന്, ബോട്ട് ലാൻഡിങ്ങിലേക്ക് ബഗ്ഗി കാറുകളിൽ യാത്ര ചെയ്യാം. ഇക്കോ ടൂറിസം പദ്ധതിയുടെ

ഭാഗമായി വനംവകുപ്പാണ് ബഗ്ഗി കാറുകൾ എത്തിച്ചിരിക്കുന്നത്.

കൂടുതൽ വിവരങ്ങളുമായി ആകാശവാണി ഇടുക്കി ജില്ലാ പ്രതിനിധി രതീഷ് കൃഷ്ണ

............വോയ്സ്..........

✪✪✪

കേരളത്തിലെത്തേണ്ട ഏതാനു ദീർഘദൂര ട്രെയിനുകൾ മണിക്കൂറുകൾ വൈകി ഓടുന്നതിനാൽ ഈ ട്രെയിനുകളുടെ മടക്കയാത്രയും വൈകുമെന്ന് റെയിൽവെ അറിയിച്ചു.

രാവിലെ 9.15 ന് പുറപ്പെടേണ്ട തിരുവനന്തപുരം - ലോകമാന്യ തിലക് നേത്രാവതി എക്സ്പ്രസ് ഇന്ന് രാത്രി പത്തിനാണ് പുറപ്പെടുക. ഇന്നലെ അർദ്ധരാത്രി 12.55 ന് യാത്ര തിരിക്കേണ്ട കൊച്ചുവേളി ലോകമാന്യ തിലക് ദ്വൈവാര എക്സ്പ്രസ് 37 മണിക്കൂർ വൈകി ഉച്ച കഴിഞ്ഞ് രണ്ടിനായിരിക്കും യാത്ര തിരിക്കുക.

ഇന്നലെ ഉച്ചകഴിഞ്ഞ് 3.45 ന് പുറപ്പെടേണ്ട കൊച്ചുവേളി- ഭാവ്നഗർ പ്രതിവാര എക്സ്പ്രസ് 29 മണിക്കൂർ 40 മിനിറ്റ് വൈകി ഇന്ന് രാത്രി 9.25 നാണ് പുറപ്പെടുന്നത്.

✪✪✪

BSNL, 4G, സേവനം കോഴിക്കോട്, വയനാട് ജില്ലയിലാകെ ലഭ്യമാക്കത്തെ വിധം ഉടനെ വിപുലപ്പെടുത്തണമെന്ന് M.K രാഘവൻ M.P ടെലിഫോൺ ഉപദേശസമിതി യോഗത്തിൽ ആവശ്യപ്പെട്ടു. മൊബൈൽ സേവനം തീർത്തും ലഭ്യമാകാത്ത

മേഖലകളിൽ കൂടി നെറ്റ് വർക്ക് എത്തിക്കുന്നതിന് നടപടി കൈകൊള്ളണമെന്നും, അടഞ്ഞുകിടക്കുന്ന എക്സേഞ്ചുകളും വരുമാനം ലഭിക്കത്തക്കവിധം ഉപയോഗപ്പെടുത്തണമെന്നും അദ്ദേഹം പറഞ്ഞു.

കേന്ദ്ര ഗവൺമെന്റിന്റെ ഭാരത് ഉദ്യമി പദ്ധതിയുടെ പ്രയോജനങ്ങൾ ഉപയോഗപ്പെടുത്തി ഗ്രാമങ്ങളിൽ ഇന്റർനെറ്റ് സേവനം പരമാവധി ലഭ്യമാക്കാൻ ശ്രമം ഊർജ്ജിതമാക്കണമെന്നും യോഗത്തിൽ ആവശ്യമുയർന്നു.

✪✪✪

വിദ്യാർത്ഥികൾ നിയമ ബോധമുള്ളവരായി വളരണമെന്നും നിയമപരിജ്ഞാനം ആപത്ക്കരമായ കൂട്ടുകെട്ടിൽ നിന്നും മാറി നിൽക്കാൻ വിദ്യാർത്ഥികളെ പ്രേരിപ്പിക്കുമെന്നും കാസർഗോഡ് ജില്ലാ പോലീസ് മേധാവി P.ബിജോയ് പറഞ്ഞു. ഈ മാസം ഒന്നിന് രാജ്യത്ത് നിലവിൽ വന്ന പുതിയ ക്രിമിനൽ നിയമങ്ങളെക്കുറിച്ച് ജില്ലയിലെ S.P.C അദ്ധ്യാപകർക്കായി നടത്തിയ നിയമ ബോധവൽക്കരണ ക്ലാസ്സ് ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

✪✪✪

വയനാട്ടിൽ പിഞ്ച് കുഞ്ഞ് പൊള്ളലേറ്റ് മരിച്ച കേസിലെ പ്രതികൾക്കായി പബ്ലിക്ക് പ്രോസിക്യൂട്ടർ ജോഷി മുണ്ടക്കൽ വാദിച്ച സംഭവത്തിൽ നിയമവകുപ്പിന് കോൺഗ്രസ് പരാതി നൽകി. ഗവണ്മെന്റിനെതിരെ പബ്ലിക്ക് പ്രോസിക്യൂട്ടർ ഹാജരായത്, പ്രൊഫഷണൽ ധാർമികതയ്ക്ക് വിരുദ്ധമാണെന്നും അന്വേഷണം വേണമെന്നും ആവശ്യപ്പെട്ട്

മന്ത്രി പി. രാജീവിനാണ് കോൺഗ്രസ് പരാതി നൽകിയത്. ഇദ്ദേഹത്തെ സ്ഥാനത്ത് നിന്ന് നീക്കണമെന്ന് ആവശ്യപ്പെട്ട് ഡയറക്ടർ ജനറൽ ഓഫ് പ്രോസിക്യൂഷന് ബിജെപിയും പരാതി നൽകിയിട്ടുണ്ട്.

പബ്ലിക് പ്രോസിക്യൂട്ടർ രാജിവെക്കണമെന്നാവശ്യപ്പെട്ട് യൂത്ത് കോൺഗ്രസിന്റെ നേതൃത്വത്തിൽ പ്രതിഷേധ പ്രകടനം നടത്തി.

✪✪✪

കോഴിക്കോട്, വയനാട് ജില്ലകളുടെ അതിർത്തി പ്രദേശമായ ചിപ്പിലിത്തോട്, കാട്ടാന ഇറങ്ങി കൃഷി നശിപ്പിക്കുന്ന പ്രശ്നത്തിൽ പരിഹാര നടപടികളുമായി വനം വകുപ്പ്. ഞായറാഴ്ച പ്രദേശത്ത് വനം വകുപ്പ് ഉദ്യോഗസ്ഥരെ ഉൾപ്പടെ പങ്കെടുപ്പിച്ച് സർവകക്ഷി യോഗം ചേരും. അവശ്യ ഘട്ടങ്ങളിൽ RRT സേവനം ലഭ്യമാക്കുമെന്നും പ്രദേശത്ത് ഫെൻസിംഗ് ടെണ്ടർ നടപടികൾ പുരോഗമിക്കുകയാണെന്നും അധികൃതർ പറഞ്ഞു.

✪✪✪